# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 139 — 5/3/2012 ൽ മറുപടി പറയേണ്ടത്

### ക്രിമിനൽ സ്വഭാവമുള്ള പോലീസ് ഉദ്യോഗസ്ഥർ

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. എം.എ. ബേബി : | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) | ക്രിമിനൽ സ്വഭാവമുള്ള പോലീസുകാരെ സംബന്ധിച്ച ഹൈക്കോടതി വിധിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) WP(C) 11777/2011 നമ്പർ റിട്ട് പെറ്റീഷനിൽ 21.06.2011 തീയതി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ക്രിമിനൽ കേസുകളിൽ ഉൾപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരെ നിരീക്ഷിക്കാനും അനന്തരനടപടികൾക്കും അവയുടെ വിശദാംശങ്ങൾ സൂക്ഷിക്കാനും ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കോടതിയുടെ 08.08.2011 തീയതിയിലെ ഇടക്കാല ഉത്തരവിൻ പ്രകാരം, ക്രിമിനൽ കേസിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥനെ കുറ്റവിമുക്തനാക്കികൊണ്ട് കോടതി ഉത്തരവ് പുറപ്പെടുവിച്ചാൽ തന്നെയും ആ ഉദ്യോഗസ്ഥൻെറ സ്വഭാവം, ക്രിമിനൽ പശ്ചാത്തലം എന്നിവ നിരന്തരം പരിശോധിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ബി) | ക്രിമിനൽ കേസിൽപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ ലിസ്റ്റ് പുന:പരിശോധിച്ച് സമർപ്പിക്കുവാൻ കോടതി ആവശ്യപ്പെടുകയുണ്ടായോ; | (ബി) ഉണ്ട്. |

| | | |
|---|---|---|
| (സി) | പുന:പരിശോധന നടന്നിട്ടുണ്ടോ; അത് സമർപ്പിക്കുകയുണ്ടായോ. | (സി) കോടതി ഉത്തരവ് അനുസരിച്ച് ലിസ്റ്റ് പുന:പരിശോധിക്കുകയും ആയത് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പുന:പരിശോധനയുടെ അടിസ്ഥാനത്തിൽ ക്രിമിനൽ കേസിൽ ഉൾപ്പെട്ട പോലീസുകാരിൽ ഇപ്പോഴും സർവ്വീസിൽ തുടരുന്നവരെത്ര; | (ഡി) 209 പേർ |
| (ഇ) | ഇവരിൽ എത്ര പോലീസുകാരുടെ പേരിലുള്ള കേസുകൾ പിൻവലിക്കാൻ സർക്കാർ സമ്മതപത്രം നൽകിയിട്ടുണ്ട്? | (ഇ) ഇതിൽ ഒരാൾക്കെതിരെയുള്ള കേസ് പിൻവലിക്കാൻ സമ്മതപത്രം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ